II. മറ്റു പദ്ധതികൾ (ബജറ്റ് വിഹിതമില്ലാത്ത പദ്ധതികൾ)

1. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

2. സാന്ത്വനം വാടക വീട് പദ്ധതി

ഈ പദ്ധതികളൊന്നും തന്നെ ആരംഭിച്ചിട്ടില്ല

മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി എടുത്ത വായ്പയുടെ കടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി

263(603) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശ്രീ. മജീത് റഷീദ, വടയനാട്, പാണാവള്ളി, ചേർത്തല എന്നയാൾ മൈത്രി L.I.6 ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി CM/483/96-ാം നമ്പർ പ്രകാരം എടുത്ത വായ്പയുടെ കടിശ്ശിക, ദുർബ്ബല പിന്നോക്ക വിഭാഗങ്ങളുടെ ഗണത്തിൽപ്പെടുത്തി എഴുതിത്തള്ളണം എന്നുള്ള അപേക്ഷയിന്മേൽ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; അപേക്ഷകന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത ലോൺ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മൈത്രി ഭവന പദ്ധതി പ്രകാരം ഭാഗീകമായി മാത്രം വായ്പ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ശ്രീ.മജീദ് റഷീദയുടെ അപേക്ഷ പരിശോധിക്കുന്നതിനായി ടിയാനും കുടുംബവും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതാണോ എന്ന സാക്ഷ്യ പത്രം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിന്നും ലഭ്യമാക്കി അടയന്തിരമായി ഹാജരാക്കുവാൻ ചേർത്തല തഹസീൽദാർ ഓഫീസിൽ നിന്ന് 10-7-2008-ലെ ബി2-16/03/മിസ നമ്പർ കത്ത് പ്രകാരം ടിയാനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല എന്ന് ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മൈത്രി ഭവന പദ്ധതി പ്രകാരം മുഴുവൻ വായ്പാ ഗഡുക്കളും കൈപ്പറ്റി വീട് പണി പൂർത്തിയാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ 8-11-2011-ലെ സ.ഉ(എം.എസ്) നമ്പർ 34/2011/ഭവനം പ്രകാരം എഴുതി നമ്പർ തള്ളിയിട്ടുണ്ട്. എന്നാൽ ഭാഗീകമായി മാത്രം വായ്പ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly